പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *109 — 14.6.2012 ൽ മറുപടിക്ക്

## റോഡ് വികസനത്തിന് പ്രത്യേക ഏജൻസി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ. വാഹീദ്<br>,, ലൂഡി ലൂയിസ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ബെന്നി ബെഹനാൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റോഡ് വികസനത്തിന് പ്രത്യേക ഏജൻസി രൂപീകരിച്ചിട്ടുണ്ടോ : എങ്കിൽ പ്രസ്തുത ഏജൻസിയുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യകതമാക്കുമോ; | (എ) ഉണ്ട് . സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 1204 കിലോമീറ്റർ റോഡുകളുടെ നവീകരണം ലക്ഷ്യമിട്ടുകൊണ്ട് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന പേരിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക, പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുക. പദ്ധതിക്കാവശ്യമായ സാമ്പത്തിക വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുക, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നീ പ്രവർത്തനങ്ങളാണ് ഈ കമ്പനി നടത്തുവാനുദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത ഏജൻസിയുടെ കീഴിൽ എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാനാണുദ്ദേശിക്കുന്നത്; ഇത്തരത്തിൽ നിർമ്മിക്കുന്ന റോഡിന്റെ നിലവാരം എന്താണെന്ന് വെളിപ്പെടുത്താമോ; | (ബി) 1204 കി. മീറ്റർ . ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ച് അന്താരാഷ്ട്ര നിലവാരത്തിലാണ് പ്രസ്തുത റോഡുകൾ പുനർനിർമ്മിക്കുന്നത്. |

| | |
|---|---|
| (സി) റോഡ് വികസനവുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിലുള്ള എത്ര ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (സി) റോഡു വികസനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലെ റോഡുകളും പാലങ്ങളും വിഭാഗത്തിനും ദേശീയപാത വിഭാഗത്തിനും പുറമേ താഴെപ്പറയുന്ന അഞ്ച് ഏജൻസികൾ ഈ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്:-<br><br>**1. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്:**<br>1204 കി. മീറ്റർ റോഡ്, ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് അന്താരാഷ്ട്ര നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിനായി രൂപീകരിച്ച കമ്പനി<br>**2. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, കൊച്ചി:**<br><br>തിരഞ്ഞെടുക്കപ്പെട്ട റോഡുകളുടെയും പാലങ്ങളുടെയും, മേൽപ്പാലങ്ങളുടെയും നിർമ്മാണം ഈ ഏജൻസി നടത്തി വരുന്നു.<br><br>**3. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കൊച്ചി:-**<br>ദർഘാസ് മുഖേനയോ അല്ലാതെയോ അനുവദിച്ചു നൽകുന്ന പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുകയാണ് കോർപ്പറേഷൻ ചെയ്യുന്നത്.<br><br>**4. കേരള റോഡ് ഫണ്ട് ബോർഡ്, തിരുവനന്തപുരം:**<br>സംസ്ഥാന ഗതാഗത മേഖലയുടെ വികസനത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കലും അതിന്റെ വിനിയോഗത്തിന് മേൽനോട്ടംവഹിക്കലുമാണ് ബോർഡിന്റെ ചുമതല.<br>**5. നാഷണൽ ഹൈവേ അതോറിട്ടി ഓഫ് ഇന്ത്യ (NHAI) :**<br>ദേശീയപാതകളുടെ സമഗ്രവികസനത്തിനായി പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ